പതിനാലാം കേരള നിയമസഭ
ഇരുപത്തിരണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നമ്പർ 1038

14.01.2021 -ലെ മറുപടിയ്ക്ക്

## തൊഴിലാളികളുടെ അവകാശങ്ങൾ സംരക്ഷിക്കാൻ നടപടികൾ

ചോദ്യം

ശ്രീ എ. എൻ. ഷംസീർ
ശ്രീ. കെ. ജെ. മാക്സി
ശ്രീ. സി.കെ. ഹരീന്ദ്രൻ
ശ്രീ. കെ ദാസൻ :

ഉത്തരം

ശ്രീ. ടി.പി.രാമകൃഷ്ണൻ
(ബഹു: തൊഴിലും എക്സൈസും വകുപ്പ് മന്ത്രി)

എ) തൊഴിലാളികളുടെ അവകാശങ്ങൾ ഹനിക്കുവാനുള്ള കേന്ദ്ര സർക്കാരിന്റെ നീക്കങ്ങൾ ങ്ങൾ ക്കെതിരെ തൊഴിലാളി സംഘടനകൾ സംയുക്തമായി രാജ്യവ്യാപക പണിമുടക്കുൾപ്പെടെയുള്ള സമരപരിപാടികൾക്ക് നിർബന്ധിതരായ സാഹചര്യം സർക്കാരിന്റ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്

ബി) നിലവിലുണ്ടായിരുന്ന തൊഴിൽ നിയമങ്ങൾക്ക് പകരം കൊണ്ടുവന്ന തൊഴിൽ കോഡുകൾ അനിശ്ചിതാവസ്ഥ സൃഷ്ടിക്കുമെന്ന ആശങ്ക കേന്ദ്ര സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തുമോ;

(ബി) ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്..

സി) പുതിയ കോഡുകളിൽ നിയമവിധേയ പണിമുടക്ക് അസാധ്യമാകുന്ന തരത്തിലുള്ള വ്യവസ്ഥകൾ ഉൾക്കൊള്ളിച്ചിരിക്കുന്നത് തൊഴിലാളി താല്പര്യം ഹനിക്കുന്നതാണെന്ന് വിലയിരുത്തിയിട്ടുണ്ടോ;

(സി) കേന്ദ്ര സർക്കാർ നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്ന തൊഴിൽ കോഡിൽ ലേ ഓഫ്, ലോക്കൗട്ട് തുടങ്ങിയവ 300 തൊഴിലാളികളിൽ കൂടുതലുള്ള സ്ഥാപനങ്ങൾക്കാണ് സർക്കാർ അനുമതി ബാധകം എന്ന് വ്യക്തമാക്കുന്നു. എന്നാൽ ഇത് കേരളത്തിൽ നിലവിൽ എങ്ങനെയോ അതുപോലെ തന്നെ തുടരണം എന്ന ശുപാർശ കേന്ദ്ര സർക്കാരിനെ അറിയിച്ചിട്ടുണ്ട്.

ഡി) കേന്ദ്രസർക്കാരിന്റെ വിവിധ തൊഴിലാളിവിരുദ്ധ നടപടികളുടെ ആഘാതം സംസ്ഥാനത്തെ തൊഴിലാളികളുടെ അവകാശങ്ങളെയും ക്ഷേമകാര്യങ്ങളെയും പ്രതികൂലമായി ബാധിക്കാതിരിക്കാൻ സംസ്ഥാനസർക്കാർ നടത്തിവരുന്ന തൊഴിലാളിക്ഷേമ നടപടികൾ വിശദമാക്കാമോ?

(ഡി) കേന്ദ്ര സർക്കാർ നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്ന തൊഴിൽ കോഡുകൾക്ക് ചട്ടങ്ങൾ തയ്യാറാക്കുന്ന നടപടിയാണ് ഇപ്പോൾ സ്വീകരിച്ചുവരുന്നത്. ഇതിനായി കരട് ചട്ടങ്ങൾ കേന്ദ്ര സർക്കാർ പുറപ്പെടുവിച്ചിട്ടുണ്ട്. ഇതിൽ സംസ്ഥാന സർക്കാരുകളുടെ അഭിപ്രായം അറിയിക്കുവാൻ ആവശ്യപ്പെട്ടതനുസരിച്ച് കേരള കോഡ് ഓൺ വേജസ് റൂൾ 2020 ന്റെ കരട് സർക്കാർ പരിശോധിച്ചു വരികയാണ്.

കോഡ് ഓൺ വേജസ് പ്രകാരം കേന്ദ്ര സർക്കാർ ആവിഷ്കരിക്കുവാൻ ഉദ്ദേശിക്കുന്നത് ഒരു സാധാരണ

പ്രവൃത്തി ദിനമായി കണക്കാക്കുന്ന ഒരു മണിക്കൂർ വിശ്രമസമയം ഉൾപ്പെടെ 9 മണിക്കൂറും സ്പ്രെഡ് ഓവർ 12 മണിക്കൂർ അധികരിക്കരുതെന്നുമാണ്. എന്നാൽ സംസ്ഥാന സർക്കാർ സമർപ്പിച്ച ശുപാർശയിൽ കേരളത്തിൽ പ്രവൃത്തി ദിനമായി കണക്കാക്കുന്നത് വിശ്രമസമയം 1 മണിക്കൂർ ഉൾപ്പെടെ 9 മണിക്കൂർ, സ്പ്രെഡ് ഓവർ 10 1/2 മണിക്കൂർ എന്നാണ്. ഇത് ഇപ്രകാരം തന്നെ തുടരണമെന്ന് ശുപാർശ ചെയ്തിട്ടുണ്ട്. മറ്റ് മൂന്ന് കോഡുകളിലും സംസ്ഥാനത്തെ തൊഴിലാളികളുടെ അവകാശം സംരക്ഷിക്കുന്നതിന് അനുസൃതമായ അനുയോജ്യ നടപടികൾ സ്വീകരിക്കുന്നതാണ്.

**സെക്ഷൻ ഓഫീസർ**